# ഇരജന്മം



ശഫ്ന മറിയം വി

'ഒന്നു കുളിക്കണം, എന്നിട്ടൊന്നുറങ്ങണം' എന്ന ചിന്തയിലാണ് അല്ലെങ്കിലും വീട്ടിൽ വന്നു കയറുക. ഗേറ്റു കടക്കുമ്പോൾ കുറെ ദിവസം തല തണുപ്പിച്ചു കുളിക്കാമെന്നും നല്ലോണം കിടന്നുറങ്ങാമെന്നും മുന്നിലൊരു ഷാളിന്റെ കനമില്ലാതെ പാറിപ്പറക്കാമെന്നും സന്തോഷിക്കും ആമി. വിയർപ്പാറിയിട്ടു കുളിക്കാമെന്നു പറഞ്ഞ് ഉമ്മ വിശേഷങ്ങൾ പറയാനിരിക്കും. ഇന്നിപ്പോ വഴിയിൽനിന്നു കിട്ടിയ ഒരു മുതലു കാരണം ആമിക്കുടനേ കുളിക്കാൻ തോന്നി. വിയർപ്പാറാനൊന്നും നേരമില്ല. ഉമ്മയോടൊട്ടു പറയാനും വയ്യ. കണ്ടതും കേട്ടതുമൊക്കെ വീട്ടിൽ പറയുന്ന പരിപാടി നിർത്തിയിട്ടൊരുപാടുനാളായി. മുതിർന്നുപോയാൽ പിന്നെ പെൺകുട്ടികൾക്കങ്ങനെ എല്ലാം എല്ലാരോടും ഉമ്മയോടുപോലും പറയാൻ പറ്റില്ലെന്ന് ആമി സ്വയം പഠിച്ചതാണ്.

കുളിക്കാൻ കേറി നിന്നപ്പോൾ തന്നെ ഒരു കുളിർമ. ഇങ്ങനെ നിൽക്കാൻ പോലും പേടിയായിരുന്നു ഹോസ്റ്റലിൽ. രാവിലത്തെ നേരിയ ഇരുട്ടിൽ പുറത്തുനിന്നാരെങ്കിലും എത്തിനോക്കിയാൽ ബാത്റൂമിനകത്തെ ലൈറ്റിൽ അവർക്കു നന്നായി കാണാം. എത്തി നോക്കിയാലല്ലേ എന്നു സന്ദേഹപ്പെടില്ല ആമി. അങ്ങനെ മുമ്പുണ്ടായിട്ടുണ്ടല്ലോ. ഒളിഞ്ഞു കണ്ടവരെ പിടിച്ചിട്ടുമുണ്ട്. അങ്ങനെയാണ് ആമി നാലുമണിക്കെണീറ്റു കുളിക്കുന്നത് നിർത്തിയത്, ഇരുട്ടത്ത് അഞ്ചുമിനുട്ടുകൊണ്ട് കുളിച്ച് ഓടിച്ചാടിയിറങ്ങാൻ പഠിച്ചത്. ആരു പരിഹസിച്ചാലും ആമി ഇതൊക്കെ തുടരും. വേറൊരു സംഭവമുണ്ടല്ലോ. നേരിട്ടൊന്നും കണ്ടിട്ടില്ലെങ്കിലും പിന്നെ കാണാനുള്ള സെറ്റപ്പിന് എന്തെങ്കിലും ഒളിച്ചുവെച്ചിട്ടുണ്ടെങ്കിലോ? അതോർത്താൽ ആർക്കാണ് വിശാലമായി നിന്നു കുളിക്കാൻ തോന്നുക. കൂട്ടുകാരെപോലെ ആമിക്ക് ധൈര്യപ്പെടാൻ വയ്യ.

യൂട്യൂബിൽ നിന്ന് സ്വന്തം കുളി തന്റെ മാത്രം എക്സ്ക്ലൂസീവല്ലെന്നറിയേണ്ടിവന്ന ഒരു പെൺകുട്ടി തീവണ്ടിക്കു മുന്നിൽ ചാടിയത് ആമി പഠിക്കുന്ന നഗരത്തിൽ തന്നെയാണ്. സ്വയം ചമ്മന്തിയരച്ചുകളയുകയല്ലാതെ വേറൊരു വഴിയും തോന്നിയിട്ടുണ്ടാവില്ല ആ കുട്ടിക്ക്. മരിച്ചാലും തിരിച്ചു പിടിക്കാനാവില്ലല്ലോ കാറ്റത്ത് കീറിപ്പറപ്പിച്ചു പരത്തിയ തന്റെ അഭിമാനമെന്നോർത്ത് മരിക്കും മുമ്പവൾ ചിരിക്കരഞ്ഞിരിക്കുമെന്ന് ആമിക്കുറപ്പാണ്. എത്ര നിനവുകളിൽ ആമി ആ കരച്ചിൽ കേട്ടിരിക്കുന്നു. പറഞ്ഞുപറഞ്ഞ് എല്ലാരും മറന്നിട്ടും ആമിയുടെ ചങ്കിൽ ഏത് നിമിഷവും പൊട്ടിപ്പുറപ്പെടാവുന്ന വിധം നിലവിളിക്കുന്നുണ്ട് അത് ഇപ്പോഴും. പേടിച്ചിട്ട് അന്നൊക്കെ ഹോസ്റ്റൽ ബാത്ത്റൂമിൽ ഫുൾഡ്രസിൽ കുളിച്ചിട്ടുണ്ട് ആമി. എന്നിട്ടും നനഞ്ഞ വസ്ത്രം മാറുമ്പോൾ ലോകം മുഴുവൻ കൂർത്ത കണ്ണുനീട്ടിയവളെ കാണുന്നുണ്ടെന്നുറപ്പിച്ച് ലൈറ്റണച്ചിട്ടുണ്ട്.

വീട്ടിലെ ഷവറിനു ചുവട്ടിലാണല്ലോ എന്ന അറിവ് ആമിയെ കുളിരണിയിച്ചു. ഇവിടെയാരും കാമറ വെക്കില്ലല്ലോ. എത്ര തണുപ്പിച്ചു കുളിച്ചാലും നെഞ്ചിലൊരു കനല് കെടാതെ കിടക്കും പോലെ ആമിക്കീയിടെയായി തോന്നാറുണ്ട്. ഇന്ന് എത്ര കുളിച്ചിട്ടും മേലു വന്നുവീണ ഒരഴുക്ക് പോകാത്തതുപോലെ. ഇനിയിപ്പോൾ ഇത് ചിന്തകളിൽ മുഴുവൻ നൂലാമാലയായ് കുഴയുമെന്ന് ആമി മുൻകൂട്ടി കണ്ടു. അനന്തമായി ചിന്തിച്ചു കൂട്ടാൻ തുനിയുന്ന മനസ്സാണ് തന്റെ പ്രശ്നമെന്ന് ആമിക്കു തോന്നി. പക്ഷേ സ്വപ്നങ്ങളെയും ചിന്തകളെയും സ്നേഹിക്കാതിരിക്കാനാവില്ല അവൾക്ക്. പണ്ട് സ്വപ്നം കണ്ടും നുണക്കഥ മെനഞ്ഞും നടന്ന വഴിയിലൂടെ നടക്കാനുള്ള കൊതി കൊണ്ടാണ് ഇന്ന് ചിറയുടെ കരക്കുകൂടി പോന്നത്. ചിന്തകളങ്ങനെ നിലംവിട്ടു പൊങ്ങുമ്പോൾ ഈ പെൺകുട്ടിയിതാ ചിറയിൽ വീഴാൻ പോണെന്നു പിന്നിൽ വരുന്നവർക്ക് തോന്നും. തന്നത്താൻ ആമിക്കു ബോധം വെച്ചാലും ആരെങ്കിലും വിളിച്ചാലും ഒന്നുറപ്പ്, ആമിയുടെ കിനാക്കയറു പൊട്ടിയിരിക്കും. സ്വപ്നത്തിന്റെ ബാക്കി പറന്നുപോകും. ആമി പിന്നെയും വേറൊരു കിനാവിൽ വീഴാൻ തുടങ്ങവെ, മുറിഞ്ഞ നൂലു തുമ്പു കാണിച്ചവളെ തിരിച്ചുവിളിക്കും. അപ്പോൾ എത്തിയേടത്തുനിന്ന് റിവേഴ്സ് എടുത്ത് വീണ്ടും പഴയ കിനാവിന്റെ മധുരത്തിൽ ലയിക്കും. പണ്ടങ്ങനെ ഏറെയും തിരിച്ചുപോവാറ് രണ്ടുകൂട്ടം വിചാരങ്ങളിലേക്കാണ്. ഒന്ന് പഠിപ്പുതീർന്നിട്ടവൾ ചെയ്യുന്ന ജോലി. അമ്മയെപ്പോൽ കുഞ്ഞുങ്ങൾക്കു പ്രിയങ്കരിയായ ടീച്ചർ. അതിനു 'കുട്ടികൾക്കുവേണ്ടി ടീച്ചറുടെ ഡയറി' എന്നൊരു കുറിപ്പെഴുത്തുണ്ട് ആമിക്ക്. അതിൽ നിറയെ കഥകളും പാട്ടുകളും പിന്നെ ടീച്ചർക്ക് കുട്ടികളോട് പ്രയോഗിക്കാനുള്ള പല വിദ്യകളും ഉണ്ടായിരുന്നു. അങ്ങനെ പൂത്തുനിൽക്കുന്ന ആമിയെ കാണാൻ എത്ര തെന്നിപ്പോയാലും റിവേഴ്സെടുത്ത് ആ കിനാവിൽ തന്നെയെത്തും ആമി. വേറൊന്നവളുടെ ഭാവി- ടീച്ചറാകുന്നതും പാട്ടുപാടുന്നതും- ഒക്കെ

ഭാവിക്കുതന്നെ. എന്നാലും പെൺകുട്ടികളുടെ ഭാവി എന്നെല്ലാവരും പറയുന്നത് മറ്റൊന്നാണല്ലോ. നിനച്ചുകൊണ്ടിരിക്കാൻ അതേപ്പറ്റിയും ഏറെയുണ്ട് ആമിക്ക്. ഹോസ്റ്റൽവാസക്കാലത്ത് വീടുതന്നെയും ഇങ്ങനെ തികട്ടിയെടുത്ത് നുണക്കാവുന്ന ഒരോർമച്ചെപ്പാവും ആമിക്ക്.

ആ ആമിയാണിപ്പോൾ നല്ലതൊന്നും നിനച്ചിരിക്കുവാനില്ലല്ലോ എന്ന നോവുകൊള്ളുന്നത്. മറക്കാൻ കൊതിക്കുന്ന കുറേ ബേജാറുകളിങ്ങനെ തല പെരുപ്പിക്കുമ്പോൾ ആമി മനഃപൂർവം റിവേഴ്സെടുത്ത് ഇതുവരെയോർത്തതിലൊക്കെ പരതി നടക്കും,  ഒരു 'സ്വീറ്റ് തോട്ടി'നു വേണ്ടി. മിക്കപ്പോഴും എത്തുക വീട്ടിൽത്തന്നെ. ഉമ്മയും ഉപ്പയും മക്കളും കൂടിയുള്ള ഒരൊഴിവുകാലത്തെത്തുമ്പോൾ ആമി അറിയാതെ അവളുടെ തല തണുക്കും. കിഴക്കരുടെ ചക്കപ്പഴം പടിഞ്ഞാറുകാർക്ക് ഈനാംപഴമാണ്. ചക്കപ്പഴമെന്നുമ്മ പറഞ്ഞാലുടൻ ഉപ്പ തിരുത്തും, 'അല്ലെടീ ഈനാംപഴം.' സാധനം കണ്ടാലറിഞ്ഞുകൂടെ ഏതുപേരാണിണങ്ങുന്നതെന്ന് ഉമ്മാക്കു ചൂടാകും. നല്ലോണം ഒന്നു വെച്ചുണ്ടാക്കാൻ പോലുമറിയില്ലല്ലോ നിങ്ങൾക്കെന്നും, ഉള്ളിയരിയാൻ മടിച്ച് കടുകുപൊട്ടിച്ചു കുളമാക്കുന്നോരല്ലേ എന്നുമൊക്കെ അങ്ങോട്ടുമിങ്ങോട്ടും വെടിവെക്കും. അല്ല! ഈ കിഴക്കിന്റെയും പടിഞ്ഞാറിന്റെയും അതിരെവിടെയാണെന്ന് ആമി അതിശയം കൂറും. അതിലൊന്നും വലിയ പിടിയും താൽപര്യവുമില്ലാത്തതിനാൽ ആമിയും അനിയനും 'ഫുട്ബോളു പോലുള്ളത്' 'ഫുട്ബോളു പോലുള്ളതില്ലേ, അതല്ലാത്തത്' എന്നും രണ്ടു പഴങ്ങളെയും പറഞ്ഞുപോന്നു. തെക്കോട്ട് പഠിക്കാൻ പോയപ്പോൾ ആമി വലിയൊരു രക്ഷപ്പെടലാണ് 'പെട്ടത്'. അവിടെ 'ചക്ക'യോ 'ഈന'യോ അല്ല. സീതപ്പഴമാണ്. അവൾക്കുമ്മാനോടും ഉപ്പാനോടും വല്ലാത്ത പാവം തോന്നി. അതിലൊക്കെ എന്തിരിക്കുന്നു? ഒന്നുറപ്പാണ് ആമിക്ക്. കിഴക്കും പടിഞ്ഞാറും തെക്കുമെല്ലാം പെൺകുട്ടികളുണ്ട്, അവർ ജീവിക്കുന്നത് ആമിയെപ്പോലെത്തന്നെയാകുമെന്ന്. പെൺകുട്ടികൾക്കെവിടെയും ഒരുപോലെത്തന്നെയേ ജീവിക്കാനാകൂ. ...........

ദേ വീണ്ടും ആമി പെൺകുട്ടികളുടെ പ്രതിനിധിയാകുകയാണ്. എങ്ങനെ റിവേഴ്സെടുത്താലും ചിന്ത ഇങ്ങെത്തും ഇപ്പോൾ. എല്ലാ വിചാരവും തുടങ്ങുന്നതും കറങ്ങിത്തിരിഞ്ഞ് ഒടുങ്ങുന്നതുമിവിടെത്തന്നെ.

കുളിച്ചുതോർത്തിയിട്ടും തോരാത്ത അറപ്പുകൊണ്ട് ആമി വലഞ്ഞു. തോർത്ത് തലയിൽ പൊതിഞ്ഞുകെട്ടുമ്പോൾ എടുത്തിട്ടപോലെ ആ വാചകം വീണ്ടും. "തിന്നാനുള്ള പൂവൻപഴം എത്ര പൊതിഞ്ഞു വെച്ചാലും തിന്നാനറിയാം, കേട്ടോ മോളേ." ചിറ കഴിഞ്ഞ് ഇടവഴിയിലേക്ക് തിരിയുമ്പോൾ കലുങ്കിലിരിക്കണ ആരോ പറയുകയായിരുന്നു. വെള്ളമടിച്ചു തലക്കു വെളിവില്ലാതെ പറയുകയാണെന്നോർത്തു ആമി വലിഞ്ഞു നടക്കുമ്പോൾ കാറ്റത്തു പറന്ന ഷാളു പിടിച്ചു താഴ്ത്തുമ്പോഴാണ് 'അതതല്ലല്ലോ' എന്നൊരു നടുക്കമുണ്ടായത്. അതിന്റെ ചുരുളു നിവർന്നുവരുമ്പോൾ കലശലായി ഓക്കാനം വന്ന് ഓടുകയായിരുന്നു അവൾ. കുളിച്ചിട്ടും പോകാത്ത ഉളുമ്പിൽനിന്ന് ആമിക്ക് പുതിയൊരു പാഠം കൂടികിട്ടി. ചിറയെന്നല്ല എന്തു കാണാനും നട്ടുച്ചക്ക് പെൺകുട്ടികൾ ഒറ്റക്ക് നടക്കരുത്. ഇങ്ങനെ പഠിക്കുന്ന പാഠമേതും പിന്നീടെന്നും പാലിക്കും ആമി. അതാണ് ആമി ഹോസ്റ്റലിൽ ആദ്യത്തെ നാലഞ്ചു ബാത്റൂമുകൾ ഒഴിവാക്കി ആറാം നമ്പറിൽ മാത്രം കേറുന്നത്. അതല്ലാത്ത മറ്റെല്ലാത്തിന്റെയും കൂടി പിന്നിലായി പടർന്നു കിടപ്പുണ്ട്, ആരുമെപ്പോഴും കേറാവുന്നൊരു സർക്കാർ ഭൂമി. ആറാം നമ്പർ ബാത്റൂമിന് പിന്നിൽ തല ഇടിവെട്ടിപ്പോയ ഒരൊറ്റത്തെങ്ങുമാത്രമേ ഉള്ളെന്ന് പകൽനേരങ്ങളിൽ നോക്കി ഉറപ്പിച്ചിട്ടുണ്ട് ആമി. അൽപം മങ്ങിയ നേരത്തു കേറേണ്ടി വന്നാലും ആരോ നിൽക്കുന്നല്ലോ എന്ന പേടി വേണ്ടല്ലോ.

ഇതൊക്കെ ഒരു ചെവിയിലൂടെ കേട്ട് മറ്റേതിലൂടെ വിടണമെന്നാണു കൂട്ടുകാരൊക്കെ പറയുന്നത്. അവർക്കൊരു ബോധവുമില്ലല്ലോ എന്നതിശയത്തിൽ ആമി അവരെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കും. പറഞ്ഞതുതന്നെ പറഞ്ഞു ആമിക്ക് ഒരു മാനിയ പോലെയായിട്ടുണ്ടെന്നും ആന്റി സോഷ്യലായി ചിന്തിക്കുന്നെന്നും പറയും. അത്രക്കുറപ്പുള്ളവർ കിട്ടുമ്പൊ കൊണ്ടോളുമെന്ന് ആമിക്ക് വാശി കേറും. പക്ഷേ അങ്ങനെ കരുതാനാവില്ലല്ലോ ആമിക്ക്. ഒരു പെൺകുട്ടിയുടെ ശരീരം എല്ലാ പെൺകുട്ടികളുടെയും സ്വകാര്യതയാണ്. അതുകൊണ്ടാവുമല്ലോ അപമാനം പേറി മരിച്ച ഓരോ പെൺകുട്ടിയുടെയും ശ്വാസം ഒരു വിമ്മിട്ടമായി ചിലപ്പോഴൊക്കെ ആമിയുടെ നെഞ്ചിലും നിറയുന്നത്. ആ കാളലിൽ ചുറ്റുപാടിനെ ആമി പകച്ചുനോക്കുന്നത്. ബാത്റൂമിൽ ഷവർ ഹാൻഡ്‌ലിലെ കറുത്തവട്ടത്തെപ്പോലും പേടിക്കുന്നത്... വീണ്ടും വിചാരങ്ങളുടെ നൂലാമാലയിൽ പെടുമെന്നോർത്ത് ആമി ഗീറു മാറ്റുന്നു. മനഃപൂർവം, 'ഇന്നിനി കുളിച്ചാലും കിടന്നുറങ്ങാനാവില്ലല്ലോ. ഉമ്മക്കൊപ്പം ഹോസ്പിറ്റലിൽ പോണമല്ലോ' എന്ന ചിന്തയിലേക്കെത്തുന്നു. നല്ല യാത്രാക്ഷീണവും ഉറക്കക്ഷീണവും– പറഞ്ഞാലുടൻ ഉമ്മ പറയും: "ഏതു ചടപ്പും നല്ലെണ്ണയിട്ടു കുളിച്ചാല് മാറും." അതും പറഞ്ഞ് ഉമ്മ ബാഗിൽ തിരുകി മോളോടൊപ്പം ബസ് കേറ്റി വിടുന്ന എണ്ണക്കുപ്പി ആമി തിരിച്ചു കൊണ്ടുവരാത്തതിനാലാണ് അവളുടെ എണ്ണയോ സോപ്പോ തേക്കാത്ത കുളിയുടെ കഥ ഉമ്മ അറിയാത്തത്. അല്ല, ഇന്നിനി ഉമ്മാന്റെ പോക്കു മുടക്കാൻ വയ്യ. തനിച്ചു ഹോസ്പിറ്റലിൽ പോകരുതെന്ന ആമിയുടെ ഓർഡറുകാരണമാണ് ഉമ്മ അവളുവരാൻ കാത്തിരിക്കുന്നത്. ഹോസ്പിറ്റലിൽ നല്ല തിരക്കായിരിക്കുമെന്നും കുറച്ചിരുന്നാൽ ഉമ്മാക്ക് മൂത്രമൊഴിക്കാനൊക്കെ തോന്നുമെന്നും ഏതെങ്കിലും ബാത്റൂമിൽ ചെന്നുകയറുമെന്നും ആമിക്കറിയാം. പൊതുസ്ഥലത്തൊക്കെ ഓരോ പൊട്ടും പൊടിയും സോപ്പിൻ തോലും ഒരു കരിപിടിച്ച ചകിരികഷ്ണംപോലും എടുത്തുനോക്കി സ്വന്തം സുരക്ഷ ഉറപ്പാക്കണമെന്ന് ഉമ്മാക്ക് അറിഞ്ഞുകൂടല്ലോ.

ഉമ്മ തനിച്ച് ബസിൽ പോണതും ശരിയാവില്ല. ബസിൽ ആമി പോണതേ റിസ്ക്കാണ്. കമ്പിയിൽ പിടിച്ചാൽ എന്തായാലും ഷാളു പൊങ്ങിപ്പോകും. ആൾക്കാരുടെ കണ്ണിനെയും ഫോണിനെയും ഒരുപോലെ പേടിക്കേണ്ട കാലം. ഇരുന്നാൽ ആമിക്കത്ര ടെൻഷനില്ല. പിന്നെ സീറ്റിനിടയിലൂടെ വരാവുന്ന വിരലുകളെ മാത്രം പേടിച്ചാൽ മതിയല്ലോ. ആ ഇടുക്കിലൂടെ ഫോണൊന്നും

കൊള്ളില്ലെന്നാണ് ആമിയുടെ ഒരു വിശ്വാസം. വിരൽത്തുമ്പിൽ പിടിപ്പിക്കാവുന്ന കാമറ യൊക്കെ വരുമായിരിക്കും. എല്ലാത്തിന്റെയും ഉന്നം ഒന്നുതന്നെയാകുമല്ലോ. പിന്നിലും ലേഡീസ് സീറ്റാണെങ്കിൽ സമാധാനമാണ്, ഇതൊക്കെ ആമിയുടെ കാര്യം. ഉമ്മയാണെങ്കിൽ കയറിപ്പറ്റി കമ്പിയിൽ പിടിക്കാനുള്ള വെപ്രാളത്തിൽ ആരെയെല്ലാം പിടിക്കുമെന്നോ എവിടെയെല്ലാം കാണിക്കുമെന്നോ ആമിക്കൊരു തീർച്ചയുമില്ല.

ഉച്ചക്കുള്ള യാത്ര വലിയ കഷ്ടമാണ്. ഒരു സൈഡിൽ പൊരിഞ്ഞ വെയില്, മറ്റേ സൈഡിൽ പെണ്ണുങ്ങൾക്കുള്ളത് ഒറ്റ സീറ്റുമാത്രം. അതിനു വിടവില്ലെങ്കിലും ഒരുപക്ഷേ അടിയിൽ കാലു വാരലും മുന്നിൽ കിളിക്കൊഞ്ചലും പൊറുപ്പിക്കേണ്ടി വരാറുണ്ട് ആമിക്ക്. ചിലപ്പോൾ എല്ലാ കണ്ടീഷനും ഒത്തിണങ്ങിയ സീറ്റു കിട്ടും. അപ്പോഴാണാമിക്കു കൂടുതൽ ടെൻഷൻ. ഒറ്റക്ക് ഒഴി ഞ്ഞങ്ങനെയിരിക്കുമ്പോൾ ഓർമയിൽ എപ്പോഴും പിടിക്കാനോടുന്ന പലരും സഹയാത്രികരായെ ത്തും. കുറേനേരം കയ്യിൽവെച്ചിരുന്ന നാണയം കൊടുത്തപ്പോൾ 'നല്ല ചൂടാണല്ലോ' എന്ന് പറഞ്ഞ് 'വൃത്തികെട്ട്' ആമിയെ നോക്കിയ കണ്ടക്ടർ (അതിനുശേഷമാണ് ആമി രണ്ടുവിരലു കൾകൊണ്ട് ഒരു നാണയം പിടിക്കാൻ പഠിച്ചത്), വൈവക്കിരിക്കുമ്പോൾ അധ്യാപകന്റേതല്ലാത്ത നോട്ടം നോക്കുന്ന എക്സാമിനർ, പണിക്കുവിളിച്ചാൽ ഹോസ്റ്റലിൽ സ്വന്തം ബെഡ്റൂമിന്റെ സ്വാതന്ത്ര്യത്തോടെ റൂമിൽ കേറിയിരുന്ന് പണിയെടുക്കുന്ന ഹോസ്റ്റൽ ഇലക്ട്രീഷ്യൻ... അങ്ങനെ, ഫുട്പാത്തിൽ മനഃപൂർവ്വം ഡൈവേർട്ട് ചെയ്തുവന്ന് തൊട്ടുരുമ്മിപ്പോകുന്ന വഴിപോ ക്കർ വരെ. ഓ പിന്നെ.. ഒളിഞ്ഞുനോക്കാൻ വന്നവർ കണ്ടുപോകുമെന്നും ഒന്നും മോഷ്ടിക്കി ല്ലെന്നും ഉറപ്പുതരുന്ന പിന്നെയും പരാതിപ്പെടുന്നോരെ 'ഷോ മാനെ' വിളിച്ചുവരുത്തിയെന്നും പറഞ്ഞ് പുറത്താക്കുന്ന ഹോസ്റ്റൽ വാർഡൻ. ഏതായാലും വിടവുള്ള സീറ്റിലിരുന്ന് ടെൻഷന ടിച്ച് തലവേദനിക്കുന്നതിലും ഭേദം അപ്പുറത്തിരുന്നു വെയിലുകൊണ്ട് തലവേദനിക്കുന്നതാണെ ന്നാണ് ആമിയുടെ അനുഭവം. ചിന്തിച്ചു തലപഴുത്തും ആമിക്ക് തലവേദനിക്കും. കാണാൻ വരുന്നവർ കക്കില്ലെന്നു പറഞ്ഞതോർത്താൽ പിന്നെയെന്തിനവൻ ഒളിഞ്ഞുവന്നു, നേരെവന്ന് ബെല്ലടിച്ചു കണ്ടു പൊയ്ക്കൂടെ എന്നവൾക്ക് പ്രാന്തുകേറും.

"ട്ർണീം...."

ഹൊ! ഫോൺബെൽ. പെട്ടന്നാമിക്കൊരു സ്റ്റോപ്പ് കൊടുത്തു. അപ്പുറത്ത് അനിയൻ. "ഹായ് ഇത്ത! നിന്നെ കാണാനിനി വൈകുന്നേരമേ എനിക്കെത്താനാകൂ."

"ഞാനും വൈകിട്ടേ ഉണ്ടാകൂ. ഉമ്മയും ഞാനും ചെക്കപ്പിനു പോണു."

അനിയനും സന്തോഷം. "എന്റെ റൂമിൽ നിന്നൊരു പൊതിയെടുത്ത് അൻവറിന്റെ സിഡിക്കട യിൽ കൊടുക്കണം നീ. പഹയൻ ഇന്നു രാവിലേ വിളിച്ചു ചൊറിയുകയാണ്. ക്ലാസ് തീരാതെ ഇറ ങ്ങാൻ വയ്യ എനിക്ക്."

കടയിൽ പോണതേ ഇഷ്ടമല്ല ആമിക്ക്. പ്രത്യേകിച്ച് സിഡി ക്കട. എന്നിട്ടും അനിയൻ പറ ഞ്ഞിടത്തുനിന്ന് താക്കോലെടുത്തു കോണി കേറുമ്പോൾ ഇവനെന്നാണ് മുറിപൂട്ടി താക്കോൽ മാറ്റിവെക്കാൻ തുടങ്ങിയതെന്ന് ആമിക്ക് അതിശയം തോന്നി. ഇന്നലെവരെ തന്റെയും ഉമ്മാ ന്റെയും കളിക്കുട്ടിയായിരുന്ന അവനാണിപ്പോൾ തങ്ങളുടെ രക്ഷിതാവെന്ന് ആമി ഓർത്തു. ഉപ്പ യാണെങ്കിൽ അവനെയാണ് വീട്ടുകാരനായി പരിഗണിക്കുന്നത്. ഉപ്പ വാങ്ങിക്കൊടുത്ത സ്വന്തം സിസ്റ്റവും മറ്റുമായി അവൻ മുകളിലേക്ക് താമസം മാറ്റിയത് മൾട്ടി മീഡിയ പഠിക്കാൻ തുടങ്ങിയ ശേഷമാണ്. എന്നാലും മുറിപൂട്ടി സൂക്ഷിക്കാൻ ഉമ്മ മാത്രമുള്ള ഈ വീട്ടിൽ എന്താണുള്ളത വന്? താക്കോൽ വെച്ച സ്ഥലം പറഞ്ഞുതരാൻ അവനു മടിയുണ്ടായിരുന്നോ എന്ന് ഓർത്തു നോക്കവെ ആമിക്ക് ഒരു ജാള്യത. ആരുമറിഞ്ഞില്ലല്ലോ അല്ലേ ഈ പുതിയ സംശയം, അവനെ മേലിൽ സംശയിക്കില്ലെന്ന തീരുമാനത്തിൽ വാതിൽ തുറക്കവെ സാധനങ്ങൾ ചിതറിക്കിടക്കുന്ന മേശപ്പുറത്ത് ആ പൊതി കണ്ടു ആമി. ചിതറിക്കിടക്കുന്ന മൊബൈൽ ഫോണുകൾ, സിമ്മു കൾ... കനമുള്ള ഒരു ഫോണെടുത്ത് ആമി കയ്യിൽ പിടിച്ചു. ഇതുപണ്ട് അവനുപ്പ അയച്ചതാണ്. 'മറ്റേതൊക്കെയോ' എന്ന സംശയത്തിന്റെ നിറവിൽ ആമി അറിയാതെ തുറന്നുപോയി അതിന്റെ ഗാലറി. സദാ മനസ്സ് സംശയരോഗിയാണെങ്കിലും സത്യമായും ആമി ആ ചെയ്തതൊരു ഇംപൾസിന്റെ പുറത്താണ്. ഇന്നല്ല ഇനിയൊരിക്കലും ആമിക്കു കാണാൻ ശേഷിയില്ലാത്ത ഒരു വീഡിയോ തുള്ളിച്ചാടിയോടാൻ തുടങ്ങി പെട്ടെന്ന്. കാണരുതാത്തത് കണ്ടതിന്റെ കലക്കത്തിൽ ആമി നെഞ്ചുരുകി പെൺമേനിയുടെ ആകാംക്ഷാജനകമായ സ്വകാര്യതയെ ശപിച്ചു. ഒരു ഫോൺ ഓഫാക്കാനറിയാത്ത കൺട്രിപ്പെണ്ണായി നിന്നു കരഞ്ഞു. എങ്ങനെയോ സ്വിച്ച് ഓഫാ യിട്ടും കഴുകിയാലും തുടച്ചാലും പോകാതെ കണ്ണുതൊട്ടു കരളോളം ചെന്ന മാലിന്യത്തെ പൊറുപ്പിക്കാനാവാതെ ആമി കുഴങ്ങി. ഒന്നും ഏശില്ല ഇനി ആമിയുടെ നെഞ്ചിലേക്ക്. ഒരി ക്കലും റിവേഴ്സെടുത്ത് ശാന്തിത്തുരുത്തിലെത്താൻ. വിടാതെ ആമിയെ വളഞ്ഞിട്ടു തല്ലുക യാണ് അവളുടെ ചോരപൊടിയുന്ന നിനവുകൾ. തിരിച്ചുപോകാനിരിക്കട്ടെ ആമി. ഓർക്ക് ഇതി നെപ്പറ്റിത്തന്നെ. തൽക്കാലം രക്ഷപ്പെട്ടിട്ടെന്തു കാര്യം.

എങ്ങനെയാണിനി ഇവിടെ നീ ഷാളിടാതെ നടക്കുക? കുളിമുറിയിൽ കുളിച്ചു തിമിർക്കുക? നിന്റെ ബാത്റൂമിനു പിന്നിലുള്ളത് നീ നട്ടുനനച്ചു വളർത്തിയ കുഞ്ഞിത്തെങ്ങു മാത്രമാണെ ന്നെങ്ങനെയാണുറപ്പിക്കുക? ഉമ്മയെ തനിച്ചു വിട്ടെങ്ങനെയാണിനി മടങ്ങുക?

സ്വയം നട്ടുനനച്ചു പോറ്റിയ പാവം തെങ്ങിൻതൈയെപ്പോലും സംശയിക്കുമാറ് ആന്റി സോഷ്യലാകേണ്ടി വന്നല്ലോ എന്ന് ഒരു മുള്ള് നെഞ്ചിൽ കുത്തിക്കേറുന്നു. അതിന്റെയറ്റത്ത് പൂട പറിച്ച് അപ്പാടെ പൊരിച്ചുനിർത്തിയ കോഴി കണക്കെ വേവുന്നു ആമി. പൂട പറിയ്ക്കാനും ജീവ നോടെ ചില്ലുക്കൂട്ടിൽ കാഴ്ചക്കുവെക്കപ്പെടാനും കൂട്ടിലിനിയും കാത്തിരിക്കുന്ന കോഴിക്കുഞ്ഞിന് എങ്ങനെയാണിതിലേറെ സോഷ്യലാകാനാകുക? റിവേഴ്സ്തോട്ടിൽ വീണ്ടുംവീണ്ടും തിളങ്ങുന്ന കത്തി മാത്രം കാണുന്ന അതിനെ ചിരിക്കാത്തതിന്റെയും ചിന്തിച്ചു ഭ്രാന്തുവരുത്തിയതിന്റെയും പേരിൽ പഴി പറയാമോ ആരും?